അന്യർ അതിനകത്തു പ്രവേശിച്ച് പീടികയും മറ്റും കെട്ടി സ്ഥലം കൈയടക്കുന്നതുകൂടി തടയണമെന്ന് ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്. ആശുപത്രിക്ക് കെട്ടിടം പണിയുന്ന സമയത്തുണ്ടായിരുന്ന ഡിസ്പെൻസറി ഇപ്പോൾ ഹെൽത്ത് സെൻറർ ആക്കി ഉയർത്തിയിരിക്കുകയാണ്. ആശുപത്രി കെട്ടിടം പണിയുന്നതിന് സഹായിച്ച ജനങ്ങളെ ശിക്ഷിക്കാതെ ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് സഹായകരമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ വകുപ്പു കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അവിടെയുണ്ടായിരുന്ന ഡിസ്പെൻസറിയെ ഹെൽത്ത് സെൻറർ ആക്കി മാറ്റിയതിനുശേഷം മെമ്പറും അവിടെയുള്ള മറ്റു പൊതു പ്രവർത്തകരും ആത്മാർത്ഥമായി പരിശ്രമിച്ചതിൻറെ ഫലമായി ഒരു കെട്ടിടം പണിയുകയുണ്ടായി. അദ്ദേഹം പറഞ്ഞതുപോലെ അവിടെ ഡോക്ടറുടെ നിയമനം നടത്തിയില്ലെന്നു പറഞ്ഞത് ശരിയല്ല. ഡോക്ടറുടെ നിയമനം നടത്തി. രേഖയിൽ ഡോക്ടർ അവിടെ ജോലി ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ അവിടെ പോയപ്പോൾ അതിൻറെ പ്രവർത്തനം നടക്കുന്നില്ലായെന്ന് പറഞ്ഞത് ഞാൻ വളരെ ഗൗരവമായിട്ടുതന്നെ എടുക്കുകയാണ്. നിയമനം നടത്തിയിട്ടുണ്ട്. ഡോക്ടർ അവിടെ ജോലി ചെയ്യുന്നതായിട്ട് തന്നെയാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഏതായാലും ഇത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. എനിക്കു കിട്ടിയിടത്തോളം വിവരം അവിടെ ഇലക്ട്രിസിറ്റി കണക്ഷൻ ആയിട്ടില്ല എന്നുമാത്രമായിരുന്നു. ബഹുമാനപ്പെട്ട മെമ്പർ കണക്ഷൻ കിട്ടിയെന്നു പറയുകയാണെങ്കിൽ സന്തോഷമുള്ള കാര്യമാണ്. ഏതായാലും ആശുപത്രിയുടെ പ്രവർത്തനം നടത്തുന്നതിന് ഡോക്ടറേയും നഴ്സിനേയും അനുവദിച്ചിട്ടുണ്ട്. അതിൻറെ പ്രവർത്തനത്തെക്കുറിച്ച് ഒന്നുകൂടി അന്വേഷിച്ച് അത് ശരിയായ നിലയിൽ പ്രവർത്തിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യും. ഡിസ്പെൻസറി അങ്ങോട്ട് മാറ്റുന്ന കാര്യവും പരിഗണിക്കും.

IV. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ:

1984-ലെ കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബിൽ—സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം. (ശ്രീ. കാനം രാജേന്ദ്രൻ നോട്ടീസ് നൽകിയത്)

ശ്രീ. എ. വി. താമരാക്ഷൻ: സർ, 1984-ലെ കെട്ടിട നിർമ്മാണ തൊഴിലാളിക്ഷേമനിധി ബിൽ പൊതുജനാഭിപ്രായമാരായുന്നതിന് 1986 ജൂലൈ 31-ാംതീയതിവരെ വിടണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്. സർ, ഈ നിയമം പ്രതിപക്ഷത്തുനിന്ന് അവതരിപ്പിച്ചുവെന്നതിൻറെ പേരിൽ തള്ളിക്കളയാതെ ഇത് കേരളത്തിലെ ലക്ഷക്കണക്കിന് തൊഴിലാളികളെ സഹായിക്കുന്നതിനു വേണ്ടിയുള്ള നിയമമെന്നുള്ള നിലയിൽ, സംസ്ഥാന ഗവൺമെൻറു തന്നെ ഇത്തരമൊരു നിയമം നടപ്പിലാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരിക്കുന്ന അവസരത്തിൽ, ഈ നിയമം അംഗീകരിച്ച് പാസ്സാക്കിയെടുക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടി സംസ്ഥാനഗവൺമെൻറിൻറെ

LIBRARY ARCHIVES Kerala Legislative Assembly

രോഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ അവസരത്തിൽ നമ്മുടെ സംസ്ഥാനത്ത് നിർമ്മാണരംഗത്ത് പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടെ മോചനത്തിനുവേണ്ടി, അവരെ സഹായിക്കുന്നതിനുവേണ്ടി, വളരെ ബൃഹത്തായ ഈ നിയമം ഈ സഭയിൽ അവതരിപ്പിച്ച ശ്രീ. കാനം. രാജേന്ദ്രനെ ആത്മാർത്ഥമായി അഭിനന്ദിക്കുവാൻ ഞാൻ ഈയവസരം ഉപയോഗിക്കുന്നു. ഏതായിരുന്നാലും ഈ ഒരു നിയമം ഈ സഭയിൽ അവതരിപ്പിച്ചതിനുശേഷമാണ് ഇത്തരമൊരു നിയമം അനിവാര്യമാണെന്ന് സംസ്ഥാന ഗവൺമെൻറിന് ബോധ്യമായത്.

സർ, ഇന്ന് നമ്മുടെ കേരളത്തിൽ ഏറ്റവും കൂടുതൽ തൊഴിലാളികളും പണിയെടുക്കുന്ന മേഖലയാണ്—നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട റോഡുകളും, പാലങ്ങളും, ഡാം, ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളും, കെട്ടിടങ്ങളും എന്നിവ നിർമ്മിക്കുന്ന മേഖല. മറെറാരു മേഖലയിലും ഉണ്ടാകാത്ത നിലയിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾക്ക് തൊഴിലവസരങ്ങളും ഉണ്ടാക്കാൻ കഴിയുന്ന ഒരു മേഖലയായി നമ്മുടെ നിർമ്മാണപ്രവർത്തനമേഖല വളർന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ സംസ്ഥാനഗവൺമെൻറാണെങ്കിൽ ഭവനനിർമ്മാണപദ്ധതികളും—ലക്ഷക്കണക്കിന് വീടുകളുടെ പദ്ധതികളുംതന്നെ ആരംഭിച്ചുകൊണ്ടിരിക്കുന്നു. ഇതിനെക്കുറിച്ച് ഒരു സർവ്വേ എടുക്കുകയാണെങ്കിൽ ഒരു ആണ്ടിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുന്ന മേഖലയായി നമ്മുടെ നിർമ്മാണമേഖല മാറിക്കൊണ്ടിരിക്കുന്നുവെന്നു കാണാം. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാഴികൾക്ക് മറെറു മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ലഭിക്കുന്നതുപോലുള്ള എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ടോ, ഗ്രാറ്റ്യുവിറ്റിയോ മറെറ് യാതൊരുവിധമായ ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല. ഇന്ന് സംസ്ഥാനത്തുള്ള വികസനപ്രവർത്തനങ്ങളിൽ വളരെയേറെ പങ്ക് വഹിക്കുന്നവരാണ് ഈ തൊഴിലാളികൾ. ഈ സംസ്ഥാനത്ത് കാണുന്ന ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളും, പാലങ്ങളും, റോഡുകളും, വലിയ കെട്ടിടങ്ങളും തുടങ്ങിയവയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ടി ചോരയും വിയർപ്പും ചിന്തുന്ന തൊഴിലാളിക്ക് പണിയെടുക്കാൻ കഴിയാതെവരുന്ന അവസരത്തിൽ യാതൊരു ആനുകൂല്യങ്ങളുമില്ലാതെ രോഗബാധിതനായി കഴിയേണ്ടിവരുന്ന ഒരു ദുസ്ഥിതിയാണിന്നുള്ളത്. അതുകൊണ്ട് ഇത്തരം തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടി നടപടികളും ഉണ്ടാക്കണമെന്ന് കേന്ദ്രഗവൺമെൻറും തൊഴിൽവകുപ്പു കാര്യാലയവും ആലോചിച്ചിട്ടുണ്ട്. ഏതായിരുന്നാലും സംസ്ഥാന ഗവൺമെൻറ് ഈ തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധിയുണ്ടാക്കുന്നതിന് തീരുമാനിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. അത് അവരുടെ ആഗ്രഹമാണെങ്കിൽ അൽപംപോലും കാലതാമസം ഉണ്ടാക്കാതെ ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ബിൽ അംഗീകരിക്കുന്നതിനുള്ള ഒരു ധാർമ്മികമായ മര്യാദയെങ്കിലും സംസ്ഥാനഗവൺമെൻറ് കാണിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സർ, ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയായിട്ടുള്ള ഈ ഗവൺമെൻറ് ഈ സംസ്ഥാനത്തുള്ള എല്ലാ തൊഴിലാളികൾക്കും വേണ്ടി ക്ഷേമനിധിയുണ്ടാക്കുന്നുണ്ടെന്നു പ്രഖ്യാപിച്ചിട്ടുണ്ട്. ഇതെല്ലാം കടലാസിൽ മാത്രമാണ് നിൽക്കുന്നത്. 1980-81ൽ പ്രതിപക്ഷമുന്നണി 5 ലക്ഷത്തോളം വരുന്ന കയർത്തൊഴിലാളികൾക്കും കശുവണ്ടിത്തൊഴിലാളികൾക്കും വേണ്ടി ക്ഷേമനിധി രൂപീകരിക്കുന്നതിന് ഓരോ കോടി രൂപ പരമ്പരാഗതമേഖലയ്ക്കുവേണ്ടി മാറിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. താമരാക്ഷൻ, അങ്ങേക്ക് ഈ പ്രസംഗം പിന്നീട് തുടരാവുന്നതാണ്.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയം സംബന്ധിച്ച ചർച്ച

(i) 1985-ലെ കേരള സഹകരണസംഘങ്ങൾ (ഭേദഗതി) ബിൽ.— (തുടർച്ച)

ശ്രീ. പി. സി. ജോർജ്: സർ, 1985-ലെ കേരള സഹകരണ സംഘങ്ങൾ ഭേദഗതിബിൽ കഴിഞ്ഞ മൂന്നു സമ്മേളനങ്ങളിലായി ഒരു മാരത്തോൺ ചർച്ചപോലെ പോവുകയാണ്. കഴിഞ്ഞ രണ്ടു സമ്മേളനങ്ങളിലും സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ദൈവാനുഗ്രഹംകൊണ്ട് നമ്മുടെ വകുപ്പുമന്ത്രി ശ്രീമതി കമലമെങ്കിലും ഈ സഭയിൽ ഉണ്ടായിരുന്നു. നമ്മുടെ കഷ്ടകാലംകൊണ്ടോ, ബില്ലിനോടുള്ള പ്രത്യേക സ്നേഹംകൊണ്ടോ ആയിരിക്കാം വകുപ്പുമന്ത്രിതന്നെ ഇന്ന് ഈ സഭയിൽ ഇല്ല. അതിനെപ്പറ്റി ബഹുമാനപ്പെട്ട ചെയറിന്റെ അഭിപ്രായമെന്താണ് എന്നറിഞ്ഞാൽ കൊള്ളാം. സർ, എനിക്കൊരു ആഗ്രഹമുണ്ടായിരുന്നത് ഇത്തവണ മന്ത്രി ഉണ്ടായിരുന്നുവെങ്കിൽ, മന്ത്രിയുമായിട്ട് ചർച്ചചെയ്തത് ഒരു അഡ്ജസ്റ്റുമെന്റിൽ ഈ ചർച്ച ഒന്നവസാനിപ്പിച്ച് ഈ ബില്ല് ഒന്നവസാനിപ്പിക്കാമെന്നാണ്. എന്നാൽ ഇപ്പോൾ മന്ത്രിയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, മന്ത്രി വേണമെന്നില്ല.

ശ്രീ. പി. സി. ജോർജ്: മന്ത്രി വേണമെന്നില്ല എന്നുള്ളത് ശരിതന്നെ. പക്ഷെ, മൂന്നു സമ്മേളനങ്ങളിലായി ഈ ഒരൊറ്റ ബില്ലിന്റെ ചർച്ചയുമായി ഞാൻ നടക്കുകയാണ്.

ശ്രീ. എം. എം. ഹസ്സൻ: സർ, ഇതിന് സമയം പോരായെന്ന് അദ്ദേഹം സ്ഥിരമായി പരാതി പറയുന്നതുകൊണ്ട് ഇന്ന് മന്ത്രി മനഃപൂർവ്വം വരാതിരുന്നതാണ്. അദ്ദേഹത്തിന് ഒരു ദിവസംകൂടി ചർച്ചചെയ്തത് കൂടുതൽ സംസാരിക്കാൻ അവസരമുണ്ടാക്കാൻവേണ്ടി മന്ത്രി വരാതിരുന്നതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി വളരെ അത്യാവശ്യമുള്ള ഒരു കീർത്തിനുവേണ്ടി പോകുമെന്നുള്ളതുകൊണ്ട് ഇന്ന് ഉണ്ടാവില്ലെന്നു പറഞ്ഞിരുന്നു.

ശ്രീ. പി. സി. ജോർജ്: ഇന്നലെ നമ്മുടെ സഹകരണവകുപ്പു മന്ത്രി, ഇന്ന് ഈ പ്രശ്നം തീർത്തേക്കാമെന്നാണ് എന്നോട് പറഞ്ഞത്. ഞാൻ അത് വിശ്വസിച്ചാണ് ഇവിടെ വന്നത്.

മി. സ്പീക്കർ: അത് സഭയുടെ പുറത്തുള്ള അഡ്ജസ്റ്റുമെന്റാണ്. അകത്തുള്ള അഡ്ജസ്റ്റുമെന്റല്ല.

ശ്രീ. പി. സി. ജോർജ്: സർ, എന്നോട് പറഞ്ഞ വാക്ക് വിശ്വസിച്ചാണ് ഞാൻ ഈ സഭയിലേക്ക് വന്നത്. ഈ ബില്ലിലുള്ള ഒരു അമൻറുമെൻറ്, വളരെ നിസ്സാരമായ കാര്യമാണ്. ഇന്ന് സഹകരണസംഘങ്ങളിലെ ബോർഡ് മെമ്പർമാരായി ഏലക്ടു ചെയ്യപ്പെട്ടുകഴിഞ്ഞാൽ സ്വാഭാവികമായും സാധാരണക്കാരും, പാവപ്പെട്ടവരുമായ ആളുകളും ജാമ്യം നിൽക്കാൻ ആവശ്യപ്പെടും. ജാമ്യം നിൽക്കും.

LIBRARY ARCHIVES Kerala Legislative Assembly